




ഓരോ കുട്ടിക്കും ആർജ്ജിക്കുവാൻ കഴിയുന്നതിന്റെ പരമാവധി പരിശീലനം നൽകി കുട്ടികളെ അവരുടെ വീടുകളിലേക്ക് തിരിച്ചയക്കുന്നു. ഈ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ താൽപര്യമുള്ള മാതാപിതാക്കൾ ഞങ്ങളുടെ വിലാസത്തിലോ ടെലിഫോണിലോ ബന്ധപ്പെടുക.












Shalom
Kerala Ecumenical Mission Centre

*For Further Details Contact:*


**Director, SHALOM SPECIAL SCHOOL**
Kerala Ecumenical Mission Centre for Training and Rehabilitation of the Mentally Challenged
Vattappara P.O., Thiruvananthapuram – 695028
Ph: 0472-2585035, (M) 9495060411; 9446535438
E-mail : shalomkemcv@gmail.com
Web: www.shalomkemcv.com


Shalom
Kerala Ecumenical Mission Centre

# ഷാലോം സ്പെഷ്യൽ സ്കൂൾ

പഠനവൈകല്യം ഉള്ളവരും, ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം




# പഠനവൈകല്യം ഉള്ളവരും, ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം

ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പരിശീലനത്തിന് കേരള എക്യുമെനിക്കൽ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഷാലോം സ്പെഷ്യൽ സ്കൂൾ. തിരുവനന്തപുരത്തുനിന്നും 15 കിലോമീറ്റർ വടക്ക് എം.സി. റോഡിൽ വട്ടപ്പാറ ലൂർദ്ദ് മൗണ്ട് സ്കൂളിന്റെ സമീപത്താണ് ഈ സ്ഥാപനം. ഇവിടെ ജാതി, മത, സാമ്പത്തിക ഭേദമില്ലാതെ കുട്ടികൾക്ക് പ്രവേശനം നൽകി അവർക്ക് അനുയോജ്യമായ വിദ്യാഭ്യാസം കൊടുക്കുന്നു.






അഞ്ചിനും പത്തിനും ഇടക്ക് പ്രായമുള്ള കുട്ടികൾക്കാണ് ഇവിടെ പ്രവേശനത്തിന് മുൻഗണന നൽകുക. ബുദ്ധിമാന്ദ്യം സംഭവിച്ച കുഞ്ഞുങ്ങളെ യഥാസമയം തിരിച്ചറിഞ്ഞ് അവരെ സ്പെഷ്യൽ സ്കൂളുകളിലാക്കാൻ മാതാപിതാക്കൾക്ക് മിക്കപ്പോഴും കഴിയാതെ പോകുന്നു. അത് പരിശീലനത്തിന്റെ പ്രായോഗികതയ്ക്ക് തടസ്സമാകുന്നുണ്ട്. തികച്ചും ശാസ്ത്രീയമായ ഒരു പഠന സംവിധാനമാണ് ഇവിടെ കുട്ടികൾക്കായി ക്രമീകരിച്ചിരിക്കുന്നത്. 10 കുട്ടികൾ ആണ് ഒരു ക്ലാസ്സിൽ ഉണ്ടാവുക. ബുദ്ധിമാന്ദ്യം അഥവാ I.Q. അനുസരിച്ചാണ് ക്ലാസ്സുകൾ തരം തിരിച്ചിരിക്കുന്നത്. പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരാണ് ഇവിടെ പഠിപ്പിക്കുന്നത്. ആദ്യത്തെ മൂന്നാഴ്ച കൊണ്ട് പുതുതായി എത്തുന്ന കുട്ടിയുടെ അറിവിന്റെ നിലവാരം കണ്ടെത്തുന്നു. അതിന്റെ വെളിച്ചത്തിൽ കുട്ടി ഏറ്റവും അത്യാവശ്യമായി പഠിക്കേണ്ട കാര്യങ്ങൾ ഏതെല്ലാമെന്ന് നിർണ്ണയിച്ച് പ്രത്യേക പാഠ്യപദ്ധതി തയ്യാറാക്കുന്നു. മാതാപിതാക്കളുടെ അഭിപ്രായങ്ങളും, സഹായ സഹകരണങ്ങളും സ്വീകരിക്കുന്നു. കുട്ടികളുടെ പാഠ്യപദ്ധതിയിൽ: അനുദിന ജീവിതചര്യകൾ ശരിയായി നിർവ്വഹിക്കുക, സംസാരം, ഭാഷ, ചലനശേഷി എന്നിവ വർദ്ധിപ്പിക്കുക, എഴുത്ത്, വായന, അത്യാവശ്യകണക്കുകൾ, പണമിടപാട്, സമയാവബോധം, ശുചീകരണ പ്രവർത്തനങ്ങൾ, ചെറിയ വീട്ടുജോലികൾ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമുള്ള കുട്ടികൾക്ക് സ്പീച്ച് തെറാപ്പിയും, ഫിസിയോ തെറാപ്പിയും, ഓക്കുപ്പേഷണൽ തെറാപ്പിയും നൽകുന്നു. ഇതോടൊപ്പം തന്നെ ജീവിതം ആസ്വാദ്യകരവും, ആരോഗ്യപ്രദവും ആക്കിത്തീർക്കാനാവശ്യമായ സംഗീതം, ഡാൻസ്, വിവിധതരം കരവേലകൾ, കായിക പരിശീലനം, യോഗാഭ്യാസം എന്നിവയ്ക്കും തുല്യ പ്രാധാന്യം നൽകുന്നുണ്ട്.









പഠന വൈകല്യം മാത്രമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനവും ഈ സ്ഥാപനത്തിൽ നൽകുന്നുണ്ട്. അവരെ പ്രത്യേകം ക്ലാസ്സുകളിലിരുത്തി പഠിപ്പിച്ച് നലാം ക്ലാസ്സ് വരെ എത്തുമ്പോൾ പരീക്ഷക്കിരുത്തി മറ്റു കുട്ടികളോടൊപ്പം സാധാരണ സ്കൂളിൽ തുടർന്ന് പഠിക്കുവാൻ കഴിയുന്നവരെ അതിന് പ്രാപ്തരാക്കുന്നു. ഈ സ്ഥാപനത്തിൽ നിന്ന് പരിശീലനം പൂർത്തിയാക്കി പോകുന്ന കുട്ടികൾ പലരും പ്രഗത്ഭരായി ശോഭിക്കുന്നു. അവർ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും താങ്ങും തണലുമായി സന്തോഷത്തോടെ കഴിയുന്നു.

നേരിയ ബുദ്ധിമാന്ദ്യവും, മിതമായ ബുദ്ധിമാന്ദ്യവുമുള്ള (mild and moderate) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ബോർഡിംഗ് സൗകര്യങ്ങളും ലഭ്യമാണ്. ഓരോ കുട്ടിയേയും വ്യക്തിപരമായി ശ്രദ്ധിക്കുവാനും അവരുടെ ശാരീരിക, മാനസിക, ബൗദ്ധിക വളർച്ചയ്ക്ക് അനുയോജ്യമായും, ഒരു കുടുംബാന്തരീക്ഷം ലഭ്യമാകുന്നതിനും വേണ്ടി, ആധുനിക സജ്ജീകരണങ്ങളോടുകൂടി രൂപകല്പന ചെയ്തിട്ടുള്ളതാണ് ഇവിടത്തെ ബോർഡിംഗ്.











